പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4744 — 14.11.2019- ൽ മറുപടിക്ക്

**<u>കോഴിപ്പിള്ളി- പാലിയത്ത് കടവ് പാലം നിർമ്മാണം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ആന്റണി ജോൺ : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിലെ കോഴിപ്പിള്ളി- പാലിയത്ത് കടവ് പാലം നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ D1/350/17 നമ്പർ പ്രകാരമുള്ള ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (എ) പ്രസ്തുത ഫയലിലെ പരിശോധനയുടെ ഭാഗമായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് 13-11-2019 ന് മാത്രമാണ് സർക്കാരിനു ലഭ്യമായിട്ടുള്ളത്. ആയത് പരിശോധിച്ചു വരുന്നു. |
| (ബി) ഇത് സംബന്ധിച്ച് മണ്ണ് പരിശോധന അടക്കമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തോട് ആവശ്യപ്പെട്ടതനുസരിച്ചുള്ള ഡിസൈൻ തയ്യാറാക്കി നല്കിയിട്ടുണ്ടോ; വിശദമാക്കാമോ;<br>(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ;<br>(ഡി) ഡിസൈൻ തയ്യാറാക്കി എന്നത്തേക്ക് സമർപ്പിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) & (സി) & (ഡി) മണ്ണ് പരിശോധനാ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ വിഭാഗത്തിൽ നൽകിയിട്ടുണ്ട്. പ്രാഥമിക ഡിസൈൻ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പാലത്തിന്റെ ആവശ്യകത മുൻനിർത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പാലം നിർമ്മാണം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (ഇ) | പ്രാഥമിക ഡിസൈൻ ലഭിച്ച് സാധ്യതാ പഠനം നടത്തി അന്തിമ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ